


# വ്യവസായ കേരളം

100-ാം പതിപ്പ്

വ്യവസായ വികസനത്തിനൊരു അടയാളം

Department of Industries & Commerce
Government of Kerala

01 MARCH 2026

industry.kerala.gov.in

# അന്താരാഷ്ട്ര വ്യാപാരത്തിൽ കേരളത്തിന്റെ സംഭാവന എഴുതിച്ചേർത്ത്

## അന്താരാഷ്ട്ര ബയർ സെല്ലർ മീറ്റ് 'ട്രേഡക്സ് കേരള 2026'

TRADEX KERALA 2026
FEB. 17,18 KOCHI
INTERNATIONAL BUYER-SELLER MEET





സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട ഇടത്തര സംരംഭക മേഖലയിലെ (എംഎസ്എംഇ) ഉത്പന്നങ്ങൾക്ക് ആഗോള വിപണിപ്രവേശം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി വ്യവസായ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര റിവേഴ്സ് ബയർ-സെല്ലർ മീറ്റ് വൻ വിജയം. രണ്ടു ദിവസങ്ങളിലായി സംഘടിപ്പിച്ച സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നായി 418 സംരംഭകരും 32 ബയേഴ്സും തമ്മിൽ 146 ധാരണാപത്രങ്ങൾ (MoU) ഒപ്പുവെച്ചു. ഇതിലൂടെ സംരംഭകർക്ക് ₹81 കോടി രൂപയുടെ വ്യാപാരക്കരാർ ലഭിച്ചു. കരാറുകളുടെ ഭാഗമായി 12 വ്യാപാര ഓർഡറുകളും ലഭിച്ചു. ഓർഡറുകളുമായി ബന്ധപ്പെട്ട വ്യാപാര ഇടപാടുകൾ ഉടൻ ആരംഭിക്കും.

സംസ്ഥാനത്തെ എം.എസ്.എം.ഇ. ഉത്പന്നങ്ങൾക്ക് ആഗോളവിപണി പ്രവേശനം സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 2026 ഫെബ്രുവരി 17, 18 തീയതികളിലായി വ്യവസായ വകുപ്പ് സംഘടിപ്പിച്ച ദ്വിദിന അന്താരാഷ്ട്ര ബയർ-സെല്ലർ മീറ്റ് 'ട്രേഡക്സ് കേരള 2026' മീറ്റ്, ഫെബ്രുവരി 17 ന് കൊച്ചി ഹോട്ടൽ ലെ മെറിഡിയനിലെ ഗൾഫാർ കൺവെൻഷൻ സെന്ററിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം നിർവഹിച്ചു.

വിദേശ വിപണികളിലേക്ക് പോകാൻ കാത്തിരിക്കുന്നതിനുപകരം, അന്താരാഷ്ട്ര കമ്പനികളെ നേരിട്ട് കേരളത്തിലെ സംരംഭകർക്ക് മുന്നിലെത്തിക്കുന്ന വേദിയായിരുന്നു ട്രേഡക്സ് കേരള 2026. എംഎസ്എംഇ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച ട്രേഡക്സ് കേരള, കേരളത്തിലെ തനത് ഉത്പന്നങ്ങൾ ഇടനിലക്കാരില്ലാതെ ആഗോള വിപണിയിലെത്തിക്കുന്നതിന് സംരംഭകരെ സഹായിക്കും. ഇതിലൂടെ സംരംഭങ്ങൾക്ക് സുസ്ഥിരമായ അന്താരാഷ്ട്ര ബിസിനസ് ബന്ധങ്ങൾ സ്ഥാപിക്കാനും സാധിക്കും.

മരട് മുനിസിപ്പാലിറ്റി ചെയർപേഴ്സൺ ശ്രീമതി. അജിത നന്ദകുമാർ അധ്യക്ഷത വഹിച്ച ചടങ്ങിൽ വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്., കിൻഫ്ര എം.ഡി. ശ്രീ. സന്തോഷ് കോശി തോമസ്, കെബിപ്പ് സി.ഇ.ഒ ശ്രീ. സൂരജ് എസ്., എഫ്ഐഇഒ റീജിയണൽ ചെയർമാൻ ശ്രീ. പി. ഗോപാലകൃഷ്ണൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കിയ 'സംരംഭക വർഷം' പദ്ധതിയുടെ വിജയാഘോഷം ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ സാന്നിധ്യത്തിൽ സംഘടിപ്പിച്ചു. 2026 ഫെബ്രുവരി 22 ന് എറണാകുളം കളമശേരി ചാക്കോളാസ് പവിലിയനിൽ സംരംഭകവർഷം (ഇയർ ഓഫ് എന്റർപ്രൈസസ്) പദ്ധതിയുടെ വിജയാഘോഷത്തിനുശേഷം ബഹു. മന്ത്രി, പദ്ധതിയുടെ വിശദാംശങ്ങൾ വാർത്താസമ്മേളനത്തിൽ മാധ്യമപ്രവർത്തകരുമായി പങ്കുവച്ചു.

2022 ഏപ്രിൽ 1 മുതൽ 2026 ഫെബ്രുവരി 20 വരെയുള്ള കണക്കുകൾപ്രകാരം 4,06,606 പുതിയ സംരംഭങ്ങളാണ് രജിസ്റ്റർ ചെയ്തത്. ഇതിലൂടെ 27,158.64 കോടി രൂപയുടെ നിക്ഷേപവും 8,66,162 പേർക്ക് തൊഴിലും നൽകി. സംരംഭങ്ങളിൽ 1,28,852 എണ്ണം വനിതകളുടേതാണ്. വ്യാപാരമേഖലയിൽ 1.78 ലക്ഷവും സേവനമേഖലയിൽ 1.74 ലക്ഷവും ഉൽപ്പാദനമേഖലയിൽ 54,895-ഉം യൂണിറ്റുകൾ വീതമാണ് തുടങ്ങിയത്. സംരംഭങ്ങളുടെ എണ്ണത്തിൽ എറണാകുളം, മലപ്പുറം, തിരുവനന്തപുരം ജില്ലകളാണ് മുന്നിൽ.

സംസ്ഥാന വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ക്രിയാത്മകമായ ഇടപെടലിൽ സംരംഭക വർഷം പദ്ധതി ഒരുക്കിയ ചുവട് പിടിച്ചു വ്യവസായ സൗഹൃദ സംസ്ഥാനങ്ങളിൽ ഇരുപത്തെട്ടാം സ്ഥാനത്തുനിന്ന് ഇന്ന് കേരളം ഒന്നാംസ്ഥാനത്തേക്ക് കുതിച്ചിരിക്കുകയാണ്. സംരംഭകർക്ക് അടിസ്ഥാന സൗകര്യം, വ്യവസായം തുടങ്ങാനുള്ള അനുമതി എന്നിവ സമയ ബന്ധിതമായി നൽകിയും കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കിയുമാണ് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയത്. ആധുനിക വ്യവസായ മേഖലകളിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുക, പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുക, ചെറുകിട വ്യവസായ മേഖലയ്ക്ക് ഉത്തേജനം നൽകുക എന്നിവയിൽ ഊന്നിയാണ് കേരളം പുതുചരിത്രം രചിച്ചിരിക്കുന്നത്.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്., വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്., വ്യവസായ വാണിജ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ആഘോഷ പരിപാടിയിൽ പങ്കെടുത്തു.

**ഒരു വർഷം കൊണ്ട് കേവലം പതിനായിരം എംഎസ്എംഇ സംരംഭങ്ങൾ മാത്രം ആരംഭിച്ചിരുന്ന കേരളത്തിൽ ഇന്നിപ്പോൾ ശരാശരി ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് ഓരോ കൊല്ലവും ആരംഭിക്കുന്നത്.**

**എന്റെ സംരംഭം നാടിന്റെ അഭിമാനം**

## വർഷം ഒരു ലക്ഷം പുതിയ സംരംഭം

വർഷം ഒരു ലക്ഷം പുതിയ സംരംഭം എന്ന ലക്ഷ്യത്തോടെ 2022-23 ലാണ് സംരംഭക വർഷം പദ്ധതിക്ക് സംസ്ഥാന വ്യവസായ വകുപ്പ് തുടക്കം കുറിച്ചത്. എംഎസ്എംഇ മേഖലയിലെ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസായി സംരംഭക വർഷം പദ്ധതിയെ കേന്ദ്ര സർക്കാർ തെരഞ്ഞെടുത്തിരുന്നു. 2022-23 ൽ 1,39,839 പുതിയ സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചു. 8421.64 കോടി രൂപയുടെ നിക്ഷേപമാണ് ഇത് കൊണ്ടുവന്നത്. 3,00,049 തൊഴിലവസരങ്ങളും ഇത് സാധ്യമാക്കി. 2023-24 ൽ 1,03,596 പുതിയ സംരംഭങ്ങളും 7048.66 കോടി രൂപയുടെ നിക്ഷേപവും 2,18,179 തൊഴിലസരങ്ങളുമാണ് സംരംഭക വർഷത്തിലൂടെ കേരളത്തിൽ ഉണ്ടായത്. സംരംഭക വർഷത്തിന്റെ തുടർച്ചയായ മൂന്നാം വർഷത്തിലും ഈ നേട്ടം നിലനിർത്താൻ കേരളത്തിനായി. 2024-25 ൽ 1,09,975 പുതിയ എംഎസ്എംഇ യൂണിറ്റുകളാണ് ആരംഭിച്ചത്. 7248.27 കോടി രൂപയുടെ നിക്ഷേപവും 2,32,213 തൊഴിവസരങ്ങളുമുണ്ടായി.

## ആരും കൊതിക്കുന്ന നേട്ടങ്ങൾ

ഒരു വർഷം കൊണ്ട് കേവലം പതിനായിരം എംഎസ്എംഇ സംരംഭങ്ങൾ മാത്രം ആരംഭിച്ചിരുന്ന കേരളത്തിൽ ഇന്നിപ്പോൾ ശരാശരി ഒരു ലക്ഷത്തിലധികം സംരംഭങ്ങളാണ് ഓരോ കൊല്ലവും ആരംഭിക്കുന്നത്. സംരംഭകവർഷം പദ്ധതിയുടെ കണക്കുകൾ മാത്രം പരിശോധിച്ചാൽ 2022 മുതൽ 2026 വരെയുള്ള 4 വർഷക്കാലയളവിൽ നാല് ലക്ഷത്തിലധികം സംരംഭങ്ങൾ കേരളത്തിൽ ആരംഭിച്ചു. അതായത്, ഒരു വർഷം കേരളത്തിൽ ആരംഭിച്ചിരുന്ന എംഎസ്എംഇ സംരംഭങ്ങൾ ഓരോ മാസവും കേരളത്തിൽ ആരംഭിച്ചു. പ്രതിദിനം മുന്നൂറിലധികം എംഎസ്എംഇകൾ. ഓരോ മണിക്കൂറിലും ശരാശരി 14 എംഎസ്എംഇകൾക്ക് അനുമതി. ഫലമോ.? ഇന്ത്യയിലെ ബെസ്റ്റ് പ്രാക്റ്റീസ് ഇൻ എംഎസ് എം ഇ അംഗീകാരം, അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ നോവൽ ഇന്നോവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അംഗീകാരം. വ്യവസായ സംരംഭകർക്ക് സൗഹാർദപരവും അനുകൂലവുമായ അന്തരീക്ഷം ഒരുക്കുന്നതിൽ വ്യവസായ സൗഹൃദ റാങ്കിങ്ങിൽ (ഈസ് ഓഫ് ഡൂയിങ് ബിസിനസ്) തുടർച്ചായായി രണ്ടാം തവണയും കേരളം രാജ്യത്ത് ഒന്നാമത്. ഈ മാറ്റമാണ് റിയൽ കേരള സ്റ്റോറി.



സംരംഭക വർഷം ഉദ്ഘാടന ചടങ്ങിൽ നിന്ന്

**2022-23**

ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം : 1,39,839
നിക്ഷേപം : ₹8421.64
തൊഴിൽ : 3,00,049

**2023-24**

ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം : 1,03,596
നിക്ഷേപം : ₹7048.66
തൊഴിൽ : 2,18,179

**2024-25**

ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം : 1,09,975
നിക്ഷേപം : ₹7248.27
തൊഴിൽ :2,32,213

**2025-26**

ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം : 53,452
നിക്ഷേപം : ₹4476.3
തൊഴിൽ : 1,16,350

**2022-2026**

ആകെ സംരംഭങ്ങളുടെ എണ്ണം
**4,06,606**

നിക്ഷേപം
**₹27,158.64**

തൊഴിൽ
**8,66,162**





രാജ്യത്തെ മുൻനിര വ്യവസായ നിക്ഷേപ ലക്ഷ്യ കേന്ദ്രമാക്കി കേരളത്തെ മാറ്റുക എന്ന ബൃഹദ് ലക്ഷ്യമാണ് വ്യവസായ വകുപ്പിന്റെ 'വിഷൻ 2031' രേഖയിലെ ഉള്ളടക്കം. കഴിഞ്ഞ അഞ്ചു വർഷങ്ങളായി അതിനായി ഉറപ്പുള്ള അടിത്തറ പാകി, ചുമരുകൾ കെട്ടിപ്പൊക്കി, മേൽക്കൂര വാർത്ത് മുന്നോട്ടു നീങ്ങുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. അസാധ്യമായി ഒന്നുമില്ലെന്ന് തെളിയിച്ച ഇൻഡസ്ട്രിയൽ റെവല്യൂഷന്റെ കുതിപ്പിലാണിന്ന് കേരളം.



ഈസ് ഓഫ് ഡൂയിങ് ബിസിനസ് റിഫോംസിലെ ഒന്നാം സ്ഥാനം തുടർച്ചയായി രണ്ടാം വർഷവും കേരളത്തിന് ലഭിച്ചു. അമേരിക്കൻ സൊസൈറ്റി ഫോർ പബ്ലിക് അഡ്മിനിസ്ട്രേഷന്റെ 87 വർഷത്തെ ചരിത്രത്തിനിടയിൽ ഇന്ത്യയിൽ നിന്നുള്ള ഒരു പദ്ധതി നോവൽ ഇന്നൊവേഷൻ ഇൻ പബ്ലിക് അഡ്മിനിസ്ട്രേഷൻ അംഗീകാരം നേടി. അത് കേരളത്തിന്റെ "സംരംഭക വർഷം" പദ്ധതിയാണ്. ഇതേ പദ്ധതി ഇന്ത്യയിലെ എംഎസ്എംഇ രംഗത്തെ ഏറ്റവും മികച്ച പദ്ധതിയായും പ്രധാനമന്ത്രി പങ്കെടുത്ത യോഗത്തിൽ അംഗീകരിക്കപ്പെട്ടു. ഇന്ന് സംരംഭക വർഷം പദ്ധതി കേരള വ്യാവസായിക ചരിത്രത്തിലെ മുഖ്യ ഏടാണ്.

കേന്ദ്ര വികസന സൂചികകളിലെ ഒന്നാം സ്ഥാനങ്ങളും നിക്ഷേപസൗഹൃദ അന്തരീക്ഷവും കേരളത്തെ സംരംഭക ലോകത്തിന് പ്രിയപ്പെട്ട ഇടമാക്കി മാറ്റി കഴിഞ്ഞിരിക്കുന്നു. നൂതന പരിഷ്കാരങ്ങളിലൂടെ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രക്രിയകൾ ഏകോപിപ്പിച്ചും വ്യവസായികൾക്കും പൗരന്മാർക്കും കാര്യക്ഷമമായ സേവനങ്ങൾ ഒരുക്കിയും നിക്ഷേപ സൗഹൃദാന്തരീക്ഷ സാദ്ധ്യതകൾ തുറന്നിട്ടും കേരള വ്യവസായ വാണിജ്യ വകുപ്പ് ഈ സന്തോഷങ്ങളുടെയെല്ലാം ചുക്കാൻ പിടിക്കുകയാണ്. വിമർശിച്ചവരെ കൊണ്ട് കയ്യടിപ്പിച്ചു മാസ്സായിട്ട് അങ്ങനെ.

**പി. രാജീവ്**
വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി

# ആകാശത്തോളം അഭിമാനം

## സംരംഭക വർഷം പദ്ധതിയുടെ ചരിത്ര നേട്ടം ആഘോഷമാക്കി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്



കേന്ദ്ര വികസന സൂചികകളിലെ ഒന്നാം സ്ഥാനങ്ങളും നിക്ഷേപസൗഹൃദ അന്തരീക്ഷവും കേരളത്തെ സംരംഭകലോകത്തിന് പ്രിയപ്പെട്ട ഇടമാക്കി മാറ്റി കഴിഞ്ഞിരിക്കുന്നു.



കേരളത്തിൽ നിക്ഷേപം നടത്താൻ ദേശീയവും അന്തർദേശീയവുമായ സംരംഭങ്ങൾ ഇന്ന് കടന്നുവരികയാണ്. ഇതിനനുകൂലമായ പശ്ചാത്തല സൗകര്യമൊരുക്കുന്നതിൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് പ്രതിജ്ഞാബദ്ധമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഏകജാലക സംവിധാനം ഒരുക്കി കെ - സ്വിഫ്റ്റിന് തുടക്കംകുറിച്ചതു മുതൽ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റം വരുത്തി വ്യവസായ സൗഹൃദാന്തരീക്ഷത്തിന് ശക്തമായ അടിത്തറയിട്ടു. വ്യവസായ വികസനത്തിനാവശ്യമായ ഭൂമിയും മറ്റ് അനുമതികളും ചുവപ്പുനാടകളില്ലാതെ വേഗത്തിൽ ലഭ്യമാക്കി നാം നിക്ഷേപകരെ സ്വാഗതം ചെയ്തു. കൃത്യമായ മുന്നൊരുക്കങ്ങളോടുകൂടി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായാണ് 'ഒരിക്കലും നടക്കാത്ത സ്വപ്നം' എന്ന് വിമർശകർ വിധിയെഴുതിയ 'സംരംഭക വർഷം' പദ്ധതിയെ നാം നടപ്പിലാക്കി കാണിച്ചത്. ഇതാണ് നവ സംരംഭക കേരളം.

**എ. പി. എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.**
അഡീഷണൽ ചീഫ് സെക്രട്ടറി (വ്യവസായ വകുപ്പ്)



കേരളത്തിന്റെ വ്യവസായ ചരിത്രത്തിലെ നാഴികക്കല്ലുകളിൽ ഒന്നായിരുന്നു 2022 സാമ്പത്തിക വർഷം മുതൽ സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചു വിജയകരമായി നടപ്പിലാക്കി ചരിത്രം എഴുതിച്ചേർത്ത 'സംരംഭക വർഷം' പദ്ധതി. നാളിതുവരെ നിലനിന്ന പൊള്ളത്തരങ്ങളെ പൊളിച്ചു കാട്ടി സംരംഭക സൗഹൃദ സംസ്ഥാനം എന്ന യാഥാർഥ്യത്തെ പൊതുജനങ്ങൾ മനസ്സിലാക്കി കഴിഞ്ഞു എന്ന് പിന്നിട്ട നാല് വർഷങ്ങൾ തെളിയിക്കുന്നു. നമ്മുടെ നാടിന്റെ സ്ഥായിയായതും നിക്ഷേപക സൗഹൃദമായതുമായ മാറ്റത്തിന്റെ അടിയുറച്ച തെളിവാണ് സംരംഭക വർഷത്തിന്റെ ചരിത്ര നേട്ടം. ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനം കൃത്യമായി നടക്കുകയും എല്ലാ വകുപ്പും വ്യവസായ വളർച്ചയ്ക്കാവശ്യമായ പിന്തുണ നൽകുകയും ചെയ്തത് കേരളത്തിന്റെ നേട്ടത്തെ ഒരു ടീം വർക്കിന്റെ വിജയമാക്കി മാറ്റുകയാണ്. കേരളം മാറില്ല, കേരളത്തിൽ ഒന്നും സംഭവിക്കില്ല എന്ന് പറഞ്ഞിരുന്നവരെകൂടി നേരിട്ടുകൊണ്ടാണ് നാം വ്യവസായരംഗത്ത് നവകേരളം സൃഷ്ടിച്ചിരിക്കുന്നത്. നാം ഇനിയും മുന്നോട്ട്.

**പി. വിഷ്ണുരാജ് ഐ.എ.എസ്.**
വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ

# കാർഷിക ഭക്ഷ്യ സംസ്കരണ മേഖലക്ക് പ്രോത്സാഹനമേകി കേരള അഗ്രോ ഫുഡ് പ്രോ 2026





കേരളത്തിലെ കാർഷിക - ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച കേരള അഗ്രോ ഫുഡ്പ്രോ 2026 ന് ഗംഭീര വരവേൽപ്പ്. 2026 ഫെബ്രുവരി 21 മുതൽ 23 വരെ എറണാകുളം ജില്ലയിൽ കളമശ്ശേരിയിലെ ചാക്കോളാസ് പവലിയനിൽ സംഘടിപ്പിച്ച കേരളാ അഗ്രോ ഫുഡ്പ്രോ 2026 ന്റെ ഉദ്ഘാടനം 2026 ഫെബ്രുവരി 22ന് ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു.

'ചെറുകിട സൂക്ഷ്മ സംരംഭകരുടെ കാർഷിക ഭക്ഷ്യാധിഷ്ഠിത മൂല്യവർധിത ഉൽപ്പന്നങ്ങൾക്ക് വിപണിയൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് കേരള അഗ്രോ ഫുഡ് പ്രോ 2026 സംഘടിപ്പിക്കുന്നത്. കാർഷിക മേഖലയിലെ എംഎസ്എംഇകൾക്കായി വൻകിട പദ്ധതികളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2364 കോടി രൂപയുടെ 'കേര' പദ്ധതിയിൽ 506 കോടി രൂപ അഗ്രോ എംഎസ്എംഇകൾക്കായി നീക്കിവച്ചിട്ടുണ്ട്. മേളയുടെ ഉദ്ഘാടന പ്രസംഗത്തിൽ ബഹു. മന്ത്രി പറഞ്ഞു.

കാർഷിക സംരംഭകർക്ക് വിപണി കണ്ടെത്താനും, സാങ്കേതിക വിദ്യകൾ പരിചയപ്പെടാനും, ഭക്ഷ്യ സംസ്കരണ മേഖലയെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ടു സംഘടിപ്പിച്ച മേളയിൽ മൂല്യവർദ്ധിത കാർഷിക - ഭക്ഷ്യസംസ്കരണ ഉത്പന്നങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവയുടെ പ്രദർശനവും ഉണ്ടായിരുന്നു.

വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. എ പി എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. അധ്യക്ഷനായ ചടങ്ങിൽ വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ.എസ്., വ്യവസായ വാണിജ്യ അഡീ. ഡയറക്ടർ ശ്രീ. ജി രാജീവ്, നഗരസഭ കൗൺസിലർ ശ്രീ. പി എം സാദിക്ക്, ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫോർമേഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ശ്രീ. കെ അജിത്കുമാർ, എറണാകുളം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീ. പി. എ. നജീബ്, തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി ഷീബ, കിൻഫ്ര എംഡി ശ്രീ. സന്തോഷ് കോശി തോമസ്, കെബിപ് സിഇഒ ശ്രീ. എസ്. സൂരജ്, തുടങ്ങിയവർ പങ്കെടുത്തു.



## കേരളത്തിലെ MSME മേഖലയ്ക്ക് പുത്തൻ ഉണർവ്വേകി കൊച്ചിയിൽ ഏകദിന ശില്പശാല സംഘടിപ്പിച്ചു




കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭക മന്ത്രാലയത്തിന്റെ (Ministry of MSME) ആഭിമുഖ്യത്തിൽ കൊച്ചി ലേ മെറിഡിയനിൽ നടന്ന 'കോമ്പോസിറ്റ് കോംപറ്റീവ്നസ് അവയർനസ് വർക്ക്ഷോപ്പ്' കേരളത്തിലെ MSME മേഖലയ്ക്ക് പുത്തൻ ഉണർവ്വേകി. വ്യവസായ വാണിജ്യ വകുപ്പ് അഡിഷനൽ ചീഫ് സെക്രട്ടറി ശ്രീ. എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്. ഭദ്രദീപം കൊളുത്തി ശില്പശാല ഉദ്ഘാടനം ചെയ്തു. വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. പി. വിഷ്ണുരാജ് ഐ.എ. എസ്., അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ് എന്നിവർ സന്നഹിതരായിരുന്നു.

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട - ഇടത്തരം സംരംഭങ്ങളുടെ ശാക്തീകരണത്തിനും വളർച്ചയ്ക്കും ഈ ഏകദിന ശില്പശാല വലിയൊരു ചുവടുവെപ്പായി മാറി. സംരംഭകർ അറിഞ്ഞിരിക്കേണ്ടതും പാലിച്ചിരിക്കേണ്ടതുമായ വിവിധ വിഷയങ്ങളെക്കുറിച്ച് പ്രഗദ്ഭരായ വ്യകതികളുടെ നേതൃത്വത്തിൽ വിവിധ സെഷനുകളും സംഘടിപ്പിച്ചു.



## വ്യവസായ കേരളത്തിന് കരുത്തേകി കിൻഫ്ര

കിൻഫ്ര ആസ്ഥാനമന്ദിരത്തിന്റെ ശിലാസ്ഥാപനവും കഴക്കൂട്ടം ഫിലിം ആൻഡ് വീഡിയോ പാർക്കിൽ പുതുതായി നിർമിച്ച കെട്ടിടത്തിന്റെ ധാരണാപത്ര കൈമാറ്റവും 2026 ഫെബ്രുവരി 23 ന് തൈക്കാട് ഹോട്ടൽ ലെമൺ ട്രീ പ്രീമിയറിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലക് ഐ. എ. എസ് അധ്യക്ഷത വഹിച്ചു.

രൂപീകൃതമായി 33 വർഷത്തിനുശേഷം തിരുവനന്തപുരം ഇടപ്പഴഞ്ഞിയിൽ കിൻഫ്ര വിലയ്ക്കു വാങ്ങിയ 22 സെന്റ് സ്ഥലത്താണ് ആസ്ഥാനമന്ദിരം ഉയരുന്നത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില ഓഫീസ് സമുച്ചയമാണ് രൂപകൽപന ചെയ്തിരിക്കുന്നത്. അതിനോടൊപ്പം തിരുവനന്തപുരം, കഴക്കൂട്ടം ഫിലിം ആൻഡ് വീഡിയോ പാർക്കിൽ 1,77,000 ചതുരശ്ര അടി വിസ്തീർണത്തിൽ പ്ലഗ് ആൻഡ് പ്ലേ ക്യാംപസ് മാതൃകയിൽ നിർമിച്ചിട്ടുള്ള ഐ.ടി കെട്ടിടം ടാറ്റ എൽക്സിക്ക് കൈമാറുന്നതിനുള്ള ധാരണാപത്രവും ചടങ്ങിൽ ഒപ്പുവച്ചു.

## 100 ന്റെ നിറവിൽ വ്യവസായ കേരളം ന്യൂസ് ലെറ്റർ



വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ ഓൺലൈൻ വാർത്താ പത്രിക വ്യവസായ കേരളത്തിന്റെ 100 - ആം പതിപ്പാണ് ഇത്. 2021 സെപ്റ്റംബർ 15 നാണ് മാസത്തിൽ രണ്ടു പ്രാവശ്യം പുറത്തിറക്കുന്ന വാർത്താ പത്രികയുടെ ആദ്യ പതിപ്പ് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് പുറത്തിറക്കുന്നത്. കേരള സംസ്ഥാന സർക്കാരിന്റെ വാണിജ്യ - വ്യവസായ നയങ്ങളും പദ്ധതികളും വ്യവസായികൾക്കിടയിൽ എത്തിക്കുക എന്നതായിരുന്നു വാർത്താ പത്രികയുടെ ഉദ്ദേശ ലക്ഷ്യം. സംസ്ഥാന വ്യവസായ വകുപ്പുമായി ബന്ധപ്പെട്ട വാർത്തകൾ, അറിയിപ്പുകൾ, പരിപാടികൾ, സംരംഭക സഹായ പദ്ധതികൾ, പൊതുമേഖലാ സ്ഥാപനങ്ങളുടെ നേട്ടങ്ങൾ, സംരംഭക സൗഹാർദ്ദ നടപടികൾ, എന്നിങ്ങനെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ ഉദ്യമം ഇതിനോടകം വ്യാവസായിക കേരളത്തിന്റെ അടയാളമായി മാറിക്കഴിഞ്ഞു.

ഓൺലൈനായി വ്യവസായകേരളം ന്യൂസ് ലെറ്റർ വായിക്കുന്നതിന് സ്കാൻ ചെയ്യുക

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.